# പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1896 — 15.07.2016 ന് മറുപടിയ്ക്ക്.

## പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിൽ ആനകളുടെ ജഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുള്ള | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിൽ ആനകളുടെ ജഡങ്ങൾ കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിൽ ആനകളുടെ ജഡങ്ങൾ കണ്ടെത്തിയ കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഏതൊക്കെ റെയിഞ്ചുകളിലാണ് ഈ വിധം ജഡങ്ങൾ കണ്ടെത്തിയതെന്നും എത്ര ജഡങ്ങൾ ഇതിനകം കണ്ടെത്തിയെന്നും വെളിപ്പെടുത്താമോ ; | (ബി) പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിന്റെ ഈസ്റ്റ് ഡിവിഷനിൽപ്പെട്ട തേക്കടി, പെരിയാർ, വള്ളക്കടവ് റേഞ്ചുകളിലായി 2016 ജനവരി 1 മുതൽ 2016 ജൂലായ് 12 വരെ 7 എണ്ണവും, പെരിയാർ വെസ്റ്റ് ഡിവിഷനിൽപ്പെട്ട അഴുത, പമ്പ റെയിഞ്ചുകളിലായി 2015-16 വർഷങ്ങളിൽ 6 എണ്ണവും നാളിതുവരെ കണ്ടെത്തിയിട്ടുണ്ട്. ഇവയെല്ലാം സ്വാഭാവിക മരണം സംഭവിച്ച പിടിയാനകളാണ്. |
| (സി) സംഭവത്തെക്കുറിച്ച് ഏതെങ്കിലും തലത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ ; | (സി) ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ വകുപ്പ് തലത്തിൽ പ്രാഥമിക അന്വേഷണം നടത്തി കാരണം കണ്ടെത്തിയതിനുശേഷം തുടർ നടപടികൾ സ്വീകരിക്കുകയാണ് ചെയ്തു വരുന്നത്. മേൽ സൂചിപ്പിച്ച കേസ്സുകൾ എല്ലാം തന്നെ സ്വാഭാവിക മരണമാണ് എന്ന് കണ്ടെത്തുകയും പോസ്റ്റ്മോർട്ടം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ഡി) എങ്കിൽ ആരാണ് അന്വേഷണത്തിന് ഉത്തരവിട്ടതെന്നും അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ; | (ഡി) ഉത്തരം (സി)യുടെ വെളിച്ചത്തിൽ ബാധകമല്ല. |
| (ഇ) അന്വേഷണത്തിൽ ഇതിനകം കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദാംശങ്ങൾ നൽകാമോ ? | (ഇ) ഉത്തരം (സി)യുടെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ.